(ബി)&(സി) അത്യാവശ്യ അറ്റകുറ്റപ്പണികൾ സമയാസമയങ്ങളിൽ ചെയ്യാറുണ്ട്. പൂർണ്ണമായതോതിൽ പണി ചെയ്തു പൂർത്തിയാക്കാനാവശ്യമായ ഫണ്ട് ലഭിക്കുന്നില്ല. എന്നിരുന്നാലും അടിയന്തിര സ്വഭാവമുള്ള അറ്റകുറ്റപ്പണികൾ ചെയ്തുതീർക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

75 (219) പണി തീരാത്ത എം.എൽ.എ. റോഡുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർത്തിയാകാതെ അവശേഷിക്കുന്ന എത്ര എം.എൽ.എ. റോഡുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) അവയുടെ പേരുവിവരം മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് 1998-99 വർഷത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ഇ) വർഷങ്ങളായി പൂർത്തിയാകാതെ കിടക്കുന്ന എം.എൽ.എ. റോഡുകളുടെ പണി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 56 എണ്ണം.

(ബി) അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.†

(സി) പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സാദ്ധ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ എല്ലാം വില്ലേജ് റോഡ് വിഭാഗത്തിൽപ്പെടുന്നവയായതിനാൽ 97-98, 98-99, 99-2000 എന്നീ വർഷങ്ങളിൽ ബഡ്ജറ്റുകളിൽ ഇവയ്ക്ക് തുകയൊന്നും വകകൊള്ളിച്ചിരുന്നില്ല. മാത്രവുമല്ല ന്യൂ എം.എൽ.എ. റോഡുകളുടെ പണിക്ക് മൊത്തം 25 ലക്ഷം രൂപയിൽ കൂടുതൽ ചെലവാക്കാൻ പാടില്ലാത്തതിനാൽ പല റോഡുകളും ഭാഗികമായി മാത്രമേ പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളൂ.

(ഡി) അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.†

(ഇ) കഴിഞ്ഞ രണ്ട് വർഷങ്ങളിലും ഈ സാമ്പത്തികവർഷത്തിലും ബഡ്ജറ്റിൽ വില്ലേജ് റോഡ് വിഭാഗത്തിന് തുകയൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ആവശ്യമായ പണം ബഡ്ജറ്റിൽ വകകൊള്ളിച്ചതിനുശേഷമേ അവശേഷിക്കുന്ന പണി പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ.

76 (220) വെള്ളപ്പൊക്കംമൂലം റോഡ് തകർന്ന സംഭവം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly